# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035

**ഫോൺ:** 04712302490 **ഫാക്സ്:**04712303025/20303080

ഇ-മെയിൽ: **dhskerala.hlth@kerala.gov.in** വെബ്സൈറ്റ്: **www.dhs.kerala.gov.in**


*ടോൾഫ്രീ നമ്പർ: 1800 1231454*

## വെള്ളപ്പൊക്ക ദുരിതാശ്വാസ ക്യാമ്പിലെ ഗർഭിണികളുടെയും, കുട്ടികളുടെയും ആരോഗ്യസംരക്ഷണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

- ജില്ലാതല വെള്ളപ്പൊക്ക ദുരിതാശ്വാസ ക്യാമ്പിലെ ഗർഭിണികളുടെയും, കുട്ടികളുടെയും ആരോഗ്യസംരക്ഷണത്തിനുള്ള ചുമതല ജില്ലാ ആർ.സി.എച്ച് ഓഫീസർക്കാണ്.
- ക്യാമ്പിലെ ഗർഭിണികളുടെയും, കുട്ടികളുടെയും ആരോഗ്യപരിചരണം, പ്രതിരോധകുത്തിവയ്പ്പുകൾ, വിവരശേഖരണം(ലൈൻലിസ്റ്റ്-പ്രസവത്തീയതി,സങ്കീർണ്ണതകൾ, പ്രസവാനന്തര കാലയളവ് തുടങ്ങിയ), കൗൺസിലിംഗ് എന്നിവ ക്യാമ്പുകളുടെ ചുമതലയുള്ള ജെ പി.എച്ച്. എൻ ഉറപ്പുവരുത്തേണ്ടതാണ്.
- ദുരിതാശ്വാസ ക്യാമ്പുകളുടെ മുകളിൽപ്പറഞ്ഞ കാര്യങ്ങളുടെ മേൽനോട്ടം, വിവരശേഖരണം എന്നിവ എൽ.എച്ച്.ഐ ചെയ്യേണ്ടതാണ്.
- പി.എച്ച്.എൻ വാക്സിനുകളുടെ ലഭ്യത, കോൾഡ് ചെയിൻ ഉപകരണങ്ങളുടെ പ്രവർത്തനം, ഐസ് പാക്ക് കണ്ടിഷനിംഗ് എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.
- ഓരോ വെള്ളപ്പൊക്ക ദുരിതാശ്വാസ ക്യാമ്പുകളിലും അമ്മമാർക്ക് മുലയൂട്ടുന്നതിലേയ്ക്കായി സൗകര്യപ്രദവും, സ്വകാര്യതയുമുള്ള സ്ഥലം കണ്ടുപിടിക്കുകയും, അത് ഉറപ്പുവരുത്തുകയും വേണം.
- ക്യാമ്പിൽ അയൺഫോളിക്കാസിഡ്, ഗർഭിണികൾക്കും, കുട്ടികൾക്കും ആവശ്യമായ മരുന്നുകൾ എന്നിവയുടെ ലഭ്യത പി.എച്ച്.എൻ ഉറപ്പുവരുത്തേണ്ടതാണ്.
- ജില്ലയിലെ നിലവിലുള്ള കോൾഡ് ചെയിൻ ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത റഫ്രിജറേഷൻ മെക്കാനിക്ക് ഉറപ്പുവരുത്തേണ്ടതുമാണ്. സംസ്ഥാന കോൾഡ് ചെയിൻ ഓഫീസർ ജില്ലാ തല പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുകയും എല്ലാ. ദിവസവും അഡിഷണൽ ഡയറക്ടർക്ക് (എഫ്.ഡബ്ളൂ) റിപ്പോർട്ട് നൽകേണ്ടതുമാണ്.
- ജെ പി.എച്ച്. എൻ ദുരിതാശ്വാസ ക്യാമ്പുകളിൽ പ്രവർത്തിക്കുന്ന സമയങ്ങളിൽ ഫീൽഡ് തല വിവരങ്ങൾ ആശാവർക്കർ ശേഖരിക്കുകയും പ്രസ്തുത വിവരങ്ങൾ അതാത് ജെ പി.എച്ച്. എൻ മാർക്ക് കൈമാറേണ്ടതുമാണ്.
- ദുരിതാശ്വാസ ക്യാമ്പിൽ പകർച്ച വ്യാധികൾ ഉണ്ടെങ്കിൽ ഗർഭിണികൾക്കും കുട്ടികൾക്കും രോഗം വരാതിരിക്കാനുള്ള മുൻകരുതലുകൾ എടുക്കേണ്ടതാണ്.
- അവശ്യ സന്ദർഭത്തിൽ ഗർഭിണികളെ റഫർ ചെയ്യുന്നതിനുള്ള സ്ഥാപനങ്ങളെ കണ്ടുപിടിച്ച് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

അഡിഷണൽ ഡയറക്ടർ (എഫ്.ഡബ്ള്യൂ)
ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസ്